● ട്രഷറി തട്ടിപ്പ്

അന്വേഷണം ക്രൈംബ്രാഞ്ച് ഏറ്റെടുത്തു

● സ്വന്തം ലേഖകൻ
തിരുവനന്തപുരം

വഞ്ചിയൂർ സബ് ട്രഷറി ഉദ്യോഗസ്ഥൻ രണ്ടു കോടി രൂപ തട്ടിയെടുത്ത സംഭവത്തിൽ അന്വേഷണം ക്രൈംബ്രാഞ്ച് ഏറ്റെടുത്തു. വഞ്ചിയൂർ പോലീസ് അന്വേഷിക്കുന്ന കേസാണ് ജില്ലാ ക്രൈംബ്രാഞ്ചിനു കൈമാറിയത്. അവർ ട്രഷറി ഡയറക്ടറേറ്റിലും മറ്റുമെത്തി തെളിവുകൾ ശേഖരിച്ചു.

തട്ടിപ്പ് നടത്തിയ സീനിയർ അക്കൗണ്ടന്റ് എം. ആർ. ബിജുലാൽ ഒളിവിലാണ്. ഇയാളെ പിരിച്ചുവിടാൻ ധനമന്ത്രി തോമസ് ഐസക്കിന്റെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗം തീരുമാനിച്ചിരുന്നു. നടപടിക്രമങ്ങൾ പൂർത്തിയാക്കി ഉടൻ ഉത്തരവ് ഇറക്കുമെന്നു മന്ത്രി അറിയിച്ചു.

ബിജുലാൽ കഴിഞ്ഞ വർഷം മുതൽ നിരവധി തട്ടിപ്പുകൾ നടത്തിയെന്നാണ് വഞ്ചിയൂർ പോലീസിന്റെ എഫ്.ഐ.ആറിൽ പറയുന്നത്. കഴിഞ്ഞ ഡിസംബർ 23 മുതൽ ജൂലൈ 31 വരെ പല ദിവസങ്ങളിലായാണു ട്രഷറിയിലെ പണം ഭാര്യയുടേതടക്കം മൂന്ന് അക്കൗണ്ടുകളിലേക്കു മാറ്റിയതെന്നും എഫ്.ഐ.ആറിൽ പറയുന്നു.

ക്രൈംബ്രാഞ്ചിനൊപ്പം സൈബർ സെല്ലിലെ ഉദ്യോഗസ്ഥരും ചേർന്ന സംഘമാണ് അന്വേഷണം നടത്തുന്നത്. നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ പ്രതിനിധികളടക്കം ധനവകുപ്പ് നിയോഗിച്ച സംഘവും അന്വേഷിക്കുന്നുണ്ട്. ബിജുലാലിന് സാങ്കേതിക വിദ്ഗധരുടെ ഉപദേശം ലഭിച്ചിട്ടുണ്ടോ, മറ്റെന്തെങ്കിലും ഉദ്യോഗസ്ഥർ ഇതിൽ പങ്കാളികളാണോ തുടങ്ങിയ കാര്യങ്ങളും അന്വേഷിക്കുന്നുണ്ട്. ബിജുലാലിന്റെയും ഭാര്യയുടെയും ബാങ്ക് അക്കൗണ്ടുകളുടെ വിശദാംശങ്ങളും ശേഖരിക്കുന്നു.

കൂടുതൽ നടപടിയുണ്ടാകും: മന്ത്രി

തിരുവനന്തപുരം: ട്രഷറി തട്ടിപ്പ് അന്വേഷിക്കാൻ ധനവകുപ്പ് നിയോഗിച്ച അഞ്ചംഗ സമിതിയുടെ റിപ്പോർട്ട് ലഭിച്ചശേഷം ആവശ്യമെങ്കിൽ കൂടുതൽ പേർക്കെതിരേ നടപടിയുണ്ടാകുമെന്ന് ധനമന്ത്രി ഡോ. തോമസ് ഐസക് അറിയിച്ചു.

സമഗ്ര റിപ്പോർട്ട് അഞ്ചു ദിവസത്തിനകം ലഭിക്കും. കുറ്റക്കാരായി മറ്റാരെങ്കിലുമുണ്ടോ എന്ന് അതോടെ വ്യക്തമാകുമെന്നും അദ്ദേഹം പറഞ്ഞു.

സി.ബി.ഐ. ബാലഭാസ്കറിന്റെ ഭാര്യയുടെ മൊഴിയെടുത്തു

തിരുവനന്തപുരം: വയലിനിസ്റ്റ് ബാലഭാസ്കറിന്റെ മരണം അന്വേഷിക്കുന്ന സി.ബി.ഐ. സംഘം ഭാര്യ ലക്ഷ്മിയുടെ മൊഴിയെടുത്തു. സി.ബി.ഐ. തിരുവനന്തപുരം യൂണിറ്റിലെ ഉദ്യോഗസ്ഥരാണു ലക്ഷ്മിയുടെ വീട്ടിലെത്തിയത്. ബാലഭാസ്കറിന്റെ മരണത്തിനു പിന്നിൽ ദുരൂഹതകളുണ്ടോ എന്നാണ് അന്വേഷണം. ബാലഭാസ്കറിന്റെ കുടുംബാംഗങ്ങളുടെ മൊഴി അടുത്ത ദിവസങ്ങളിൽ രേഖപ്പെടുത്തും.

ബാലഭാസ്കറിന്റെ സുഹൃത്തുക്കളായ വിഷ്ണുവും പ്രകാശ് തമ്പിയും സ്വർണക്കടത്തു കേസിൽ പ്രതികളായതോടെയാണ് അപകടത്തെക്കുറിച്ചു ബന്ധുക്കൾക്കു സംശയമുണ്ടായത്. ബാലഭാസ്കറിന്റെ അപകട മരണവുമായി ഇവർക്കു ബന്ധമുണ്ടെന്നു വിശ്വസിക്കുന്നതായി പിതാവ് കെ.സി. ഉണ്ണി പറയുന്നു. ആര്യം മംഗലപുരം പോലീസ് അന്വേഷിച്ച കേസ് വീട്ടുകാരുടെ പരാതിയെത്തുടർന്ന് ക്രൈംബ്രാഞ്ചിനു കൈമാറിയിരുന്നു. കാറിന്റെ അമിതവേഗമാണ് അപകടകാരണമെന്നും ദുരൂഹതയില്ലെന്നുമാണ് ക്രൈംബ്രാഞ്ച് കണ്ടെത്തൽ. ക്രൈംബ്രാഞ്ച് കുറ്റപത്രം സമർപ്പിക്കുന്നതിനു മുമ്പ് സർക്കാർ അന്വേഷണം സി.ബി.ഐക്കു കൈമാറി. തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ കഴിഞ്ഞ ദിവസം സി.ബി.ഐ. അന്വേഷണ സംഘം എഫ്.ഐ.ആർ. സമർപ്പിച്ചിരുന്നു. സി.ബി.ഐ. സമർപ്പിച്ച പ്രഥമ വിവര റിപ്പോർട്ടിലും ഡ്രൈവർ അർജുനാണു പ്രതി.

ദേശീയപാതയിൽ പള്ളിപ്പുറം സി.ആർ.പി.എഫ്. ക്യാമ്പ് ജങ്ഷനു സമീപം 2018 സെപ്റ്റംബർ 25-നു പുലർച്ചയാണ് ബാലഭാസ്കറിന്റെ കാർ അപകടത്തിൽപ്പെട്ടത്. ഭാര്യ ലക്ഷ്മിയും കുഞ്ഞും ഡ്രൈവർ അർജുനും ഒപ്പമുണ്ടായിരുന്നു. കുഞ്ഞ് സംഭവസ്ഥലത്തു മരിച്ചു. ലക്ഷ്മിക്ക് ഗുരുതര പരുക്കേറ്റിരുന്നു.

മത്സ്യബന്ധന അനുമതി ഏഴു മുതൽ

തിരുവനന്തപുരം: കോവിഡ് പ്രതിരോധ നടപടികൾ പാലിച്ച് മത്സ്യബന്ധനത്തിനുള്ള അനുമതി ഈ മാസം അഞ്ചിൽനിന്ന് ഏഴിലേക്കു മാറ്റിയതായി ഫിഷറീസ് ഡയറക്ടർ എം.ജി. രാജമാണിക്യം അറിയിച്ചു.

കാലാവസ്ഥാ ദുരന്ത നിവാരണ വകുപ്പുകളുടെ മുന്നറിയിപ്പു പ്രകാരം അഞ്ച്, ആറ് തീയതികളിൽ മത്സ്യബന്ധനത്തിനു പോകരുതെന്ന നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് മത്സ്യബന്ധന അനുമതി തീയതിയിൽ മാറ്റം വരുത്തിയത്.

75 വയസുകാരിയുടെ സംരക്ഷണം സർക്കാർ ഏറ്റെടുക്കും: മന്ത്രി

തിരുവനന്തപുരം/കൊച്ചി: കോലഞ്ചേരിയിൽ ക്രൂര പീഡനത്തിനിരയായ 75 വയസുകാരിയുടെ ചികിത്സാ ചെലവും സംരക്ഷണവും സാമൂഹികനീതി വകുപ്പും സാമൂഹിക സുരക്ഷാ മിഷനും ഏറ്റെടുക്കുമെന്നു മന്ത്രി കെ.കെ. ശൈലജ.

ഇന്നലെ ഉച്ചയ്ക്ക് എറണാകുളം കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന വയോധികയെ സന്ദർശിച്ച വനിതാ കമ്മിഷൻ ചെയർപഴ്സൺ ഡോക്ടർമാരിൽനിന്നു തെളിവെടുത്തു. ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്യാൻ ഡയറക്ടർ വി.യു. കുര്യാക്കോസിന് നിർദേശം നൽകി. രാവിലെ കമ്മിഷൻ അംഗം അഡ്വ. ഷാജി ശിവജിയും ആശുപത്രി സന്ദർശിച്ച് വയോധികയുടെ ആരോഗ്യനില വിലയിരുത്തിയിരുന്നു

മട്ടന്നൂർ പീഡനം പ്രതി റിമാൻഡിൽ

മട്ടന്നൂർ: വീട്ടിൽ അതിക്രമിച്ചു കയറി 75 വയസുകാരിയെ പീഡിപ്പിച്ച കേസിൽ പ്രതി റിമാൻഡിൽ. മരുതയിലെ എ. മനോഹരനാ(56)ണ് പിടിയിലായത്. കഴിഞ്ഞ ആഴ്ചയാണു കേസിനാസ്പദമായ സംഭവം. തുടർച്ചയായി മൂന്നു ദിവസം പ്രതി പീഡനത്തിന് ഇരയാക്കിയെന്നാണ് പരാതി. പീഡനവിവരം പുറത്തുപറഞ്ഞാൽ കൊന്നുകളയുമെന്നു ഭീഷണിപ്പെടുത്തിയതായും പരാതിയിൽ പറയുന്നു. ബന്ധുക്കളുടെയും നാട്ടുകാരുടെയും പിന്തുണയോടെയാണു വയോധിക മട്ടന്നൂർ പോലീസിൽ പരാതി നൽകിയത്. തുടർന്ന് വൈദ്യപരിശോധനയ്ക്കുശേഷം നാട്ടുകാരുടെ സഹായത്തോടെ പ്രതിയെ പിടികൂടി.

കൂത്തുപറമ്പ് കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

നയതന്ത്ര സ്വർണക്കടത്ത്: രണ്ടു പേർ കൂടി അറസ്റ്റിൽ

കൊച്ചി: നയതന്ത്ര ബാഗേജ് വഴി സ്വർണം കടത്തിയ കേസിൽ രണ്ട്പേരെകൂടി ദേശീയ അന്വേഷണ ഏജൻസി(എൻഐഎ) അറസ്റ്റ് ചെയ്തു. പെരിന്തൽമണ്ണ സ്വദേശി കെ.ടി ഷറഫുദീൻ(38), മണ്ണാർക്കാട് സ്വദേശി ഷെഫീഖ്(31) എന്നിവരെയാണ് പിടികൂടിയത്.

ഇതോടെ കേസിൽ എൻ.ഐ.എ അറസ്റ്റ് ചെയ്തവരുടെ എണ്ണം 12 ആയി.എൻ.ഐ.എ കോടതിയിൽ ഹാജരാക്കിയ ഇരുവരെയും നാലു ദിവസത്തേക്ക് എൻ.ഐ.എ കസ്റ്റഡിയിൽ വിട്ടു. സ്വർണക്കടത്തിലെ മുഖ്യകണ്ണിയായ കെ.ടി റമീസ് കേരളത്തിലില്ലാത്ത ദിവസങ്ങളിൽ സന്ദീപ് നായരിൽ നിന്ന് കടത്ത് സ്വർണം കൈപ്പറ്റിയിരുന്നത് ഷറഫുദീനും ഷെഫീഖുമായിരുന്നു. സന്ദീപിൽ നിന്ന് അഞ്ച് പ്രാവശ്യം ഇവർ സ്വർണം കൈപ്പറ്റി.

ഈ സ്വർണം റമീസ് നിർദേശിക്കുന്ന ആളുകളിലെത്തിക്കുന്നതും ഇരുവരുമായിരുന്നു. റമീസുമായി അടുത്ത ബന്ധമുള്ള ഇവരെ വീടുകളിൽ നിന്നാണ് അറസ്റ്റ് ചെയ്തത്.കെ.ടി റമീസ്, എ.എം ജലാൽ, പി.ടി അബ്ദു, മുഹമ്മദ് ഷാഫി എന്നിവരെയും മൂന്ന് ദിവസത്തേക്ക് എൻ.ഐ.എയുടെ കസ്റ്റഡിയിൽ നൽകി. എല്ലാവരേയും നാലു ദിവസത്തേക്കാണ് കസ്റ്റഡിയിൽ ആവശ്യപ്പെട്ടത്. കേസിൽ കഴിഞ്ഞ ദിവസം അറസ്റ്റിലായ മുഹമ്മദലി, മുഹമ്മദലി ഇബ്രാഹിം എന്നിവരെ കസ്റ്റഡിയിൽ ആവശ്യപ്പെട്ട് എൻ.ഐ.എ നൽകിയ അപേക്ഷ അടുത്ത ദിവസം പരിഗണിക്കും. റമീസാണ് സ്വർണക്കടത്തിന്റെ മുഖ്യകണ്ണിയെന്ന് എൻ.ഐ.എ ആവർത്തിച്ചു. ലോക്ഡൗൺ കാലത്ത് പരമാവധി അളവിൽ സ്വർണം കടത്താനായിരുന്നു റമീസിന്റെ നിർദേശം.

കാൻസർ രോഗിയായ സെയ്ത് അലവിയെ കസ്റ്റഡിയിൽ വാങ്ങില്ല. പണം നിക്ഷേപിച്ചവരിൽ ഒരാളായ ഇയാളിൽ നിന്ന് ആവശ്യമായ വിവരങ്ങൾ ലഭിച്ചിട്ടുണ്ടെന്നും എൻ.ഐ.എ അധികൃതർ പറഞ്ഞു. യുഎഇയിൽ സ്വർണം വാങ്ങാൻ ഹവാല പണം കൈപ്പറ്റിയിരുന്നത് മൂവാറ്റുപുഴ സ്വദേശി റബിൻസ് ഹമീദാണ്.

ഇയാൾക്കായി ജാമ്യമില്ല വാറണ്ട് പുറപ്പെടുവിക്കാൻ കോടതിയെ സമീപിക്കും. എൻ.ഐ.എ രജിസ്റ്റർ ചെയ്ത കേസിലെ 14 പ്രതികളിൽ 12 പേരും പിടിയിലായി. പ്രതികളായ ഫൈസൽ ഫരീദും റബിൻസും യുഎഇയിലാണ്.

ഭീമമായ തോതിൽ സ്വർണം കടത്തിയത് രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയെ ബാധിച്ചുവെന്നും കേസിലെ ഭീകരവാദ ബന്ധം തെളിയിക്കാൻ കൂടുതൽ അന്വേഷണം വേണമെന്നും എൻഐഎയുടെ കസ്റ്റഡി അപേക്ഷയിൽ വ്യക്തമാക്കി.

● സ്വർണ കടത്ത് കേസിൽ അറസ്റ്റിലായ ഷഫീഖിനെയും ഷറഫുദീനെയും എറണാകുളം എൻ ഐ എ കോടതിയിൽ ഹാജരാക്കിയപ്പോൾ

രാമക്ഷേത്രം: പ്രിയങ്കയുടെ നിലപാട് തള്ളാനും കൊള്ളാനുമാകാതെ ലീഗ്

● വി.പി. നിസാർ
മലപ്പുറം

അയോധ്യയിലെ രാമക്ഷേത്ര നിർമാണത്തിന് എ.ഐ.സി.സി. ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധി വാഡ്രയടക്കം മുതിർന്ന കോൺഗ്രസ് നേതാക്കൾ ആശംസയർപ്പിച്ചതോടെ മുസ്ലിം ലീഗ് പ്രതിസന്ധിയിൽ. ഇക്കാര്യം ചർച്ച ചെയ്യാൻ ഇന്ന് പാണക്കാട് മുസ്ലിംലീഗ് ദേശീയ കമ്മിറ്റി യോഗംചേരും. രാവിലെ 11-നു ചേരുന്ന യോഗത്തിനു ശേഷം നിലപാട് വ്യക്തമാക്കുമെന്നു ലീഗ് നേതാക്കൾ അറിയിച്ചു.

"ധൈര്യവും ത്യാഗവും പ്രതിബദ്ധതയുമാണു ശ്രീരാമൻ. ശ്രീരാമ ഭഗവാന്റെയും സീതാമാതാവിന്റെയും അനുഗ്രഹത്തോടെയും രാമക്ഷേത്രത്തിന്റെ ഭൂമിപൂജ ദേശീയ ഐക്യത്തിന്റെയും സാഹോദര്യത്തിന്റെയും സാംസ്കാരിക കൂടിച്ചേരലിന്റെയും അവസരമാകട്ടെ" എന്നാണു പ്രിയങ്ക ട്വിറ്റിൽ കുറിച്ചത്. കമൽനാഥ്, ദിഗ്‌വിജയ് സിങ്, മനീഷ് തിവാരി തുടങ്ങിയ കോൺഗ്രസ് നേതാക്കളും ക്ഷേത്രനിർമാണത്തെ സ്വാഗതം ചെയ്തിട്ടുണ്ട്.

പ്രിയങ്കയുടെ പ്രസ്താവന ഏറ്റവും വലിയ തിരിച്ചടിയായത് മുസ്ലിം ലീഗിനാണ്. ഈ നിലപാട് ദേശീയ തലത്തിൽ കോൺഗ്രസിനു പ്രയോജനം ചെയ്തേക്കാമെങ്കിലും കേരളത്തിൽ കോൺഗ്രസിന്റെ ശക്തിയായ മുസ്ലിം ലീഗും ലീഗിന്റെ കരുത്തായ ഇ.കെ. സമസ്തയും ഇതിനോടു തരിമ്പും യോജിക്കുന്നില്ല.

ഈ നിലപാട് തുറന്നടിക്കുന്നത് സാഹചര്യം. വഷളാക്കുമെന്നതിനാലാണ് വിശദമായി ആലോചിച്ചിട്ടു പ്രതികരിച്ചാൽ മതിയെന്നു തീരുമാനിച്ചത്. രാജ്യത്തെ ന്യൂനപക്ഷത്തെയാകെ ആശങ്കയിലാക്കുന്ന പ്രസ്താവനയാണു പ്രിയങ്കയുടേതെന്നാണു ലീഗ് നേതൃത്വത്തിന്റെ വിലയിരുത്തൽ.

● പാണക്കാട്ട് ഇന്നു യോഗം

പാണക്കാട് ഹൈദരലി ശിഹാബ് തങ്ങളുടെ നേതൃത്വത്തിൽ ചേരുന്ന യോഗത്തിൽ സാദിഖലി ശിഹാബ് തങ്ങൾ, പി.കെ. കുഞ്ഞാലിക്കുട്ടി, ഇ.ടി. മുഹമ്മദ് ബഷീർ, പി.വി. അബ്ദുൾ വഹാബ്, കെ.പി.എ. മജീദ്, എം.പി. അബ്ദുസമദ് സമദാനി, എം.കെ. മുനീർ തുടങ്ങിയവർ പങ്കെടുക്കും. ബി.ജെ.പിയുടെ തീവ്ര ഹിന്ദുത്വ നിലപാടിനെ മൃദുഹിന്ദുത്വ നിലപാടുകൊണ്ട് നേരിടാനുള്ള കോൺഗ്രസിന്റെ ചിന്തയാണു മുസ്ലിം ലീഗിനു പ്രതിസന്ധിയാകുന്നത്.

ബാബരി മസ്ജിദ് തകർത്തതും പള്ളി നിലനിന്നിരുന്ന സ്ഥലം ക്ഷേത്രനിർമാണത്തിന് വിട്ടുകൊടുത്തതും വേദനാജനകമാണെന്നും അവിടെ സർക്കാർ സംവിധാനം ഉപയോഗപ്പെടുത്തി ക്ഷേത്ര നിർമാണം നടത്തുന്നത് പ്രതിഷേധാർഹമാണെന്നും സമസ്ത കേരള ജംഇയ്യത്തുൽ ഉലമ പ്രസിഡന്റ് സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങളും ജനറൽ സെക്രട്ടറി പ്രഫ. കെ. ആലിക്കുട്ടി മുസലിയാരും പ്രസ്താവനയിൽ പറഞ്ഞു.

കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ കർമപദ്ധതി

തിരുവനന്തപുരം: സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ ആക്ഷൻ പ്ലാൻ നടപ്പാക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വകുപ്പ് സെക്രട്ടറിമാരുടെ യോഗത്തിൽ നിർദേശിച്ചു. ഇതു സംബന്ധിച്ച് ചീഫ് സെക്രട്ടറിക്ക് മുഖ്യമന്ത്രി നിർദേശം നൽകി. ഫയൽ തീർപ്പാക്കാനുള്ള പൊതുമാനദണ്ഡം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പുറപ്പെടുവിക്കും. ഓരോ വകുപ്പും അതിനനുയോജ്യമായ നടപടികൾ സ്വീകരിക്കണം. വർക്ക് ഫ്രം ഹോം നടപ്പാക്കുമ്പോൾ കുടിശിക ഫയലുകൾ തീർപ്പാക്കാൻ മുൻഗണന നൽകണം.

കോവിഡ് സാഹചര്യത്തിൽ വർക്ക് ഫ്രം ഹോം ശക്തിപ്പെടുത്താൻ മുഖ്യമന്ത്രി നിർദേശിച്ചു.

ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ലിമിറ്റഡ്
CIN: L85110KL2008PLC021703
രജിസ്റ്റേഡ് ഓഫീസ്: IX/475L, ആസ്റ്റർ മെഡിസിറ്റി, കുട്ടിസാഹിബ് റോഡ്, സൗത്ത് ചിറ്റൂർ പി.ഒ., ചോറ്റാണ്ടി, കൊച്ചി 682 027, കേരള, ഇന്ത്യ T: 0484 6699228
E: cs@asterdmhealthcare.com W: www.asterdmhealthcare.com
നോട്ടീസ്
സെബി (ലിസ്റ്റിംഗ് ഒബ്ലിഗേഷൻസ് ആൻഡ് ഡിസ്ക്ലോഷർ റിക്വയർമെന്റ്സ്) റെഗുലേഷൻസ്, 2015 ന്റെ റെഗുലേഷൻ 47 അനുസരിച്ച്, ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡിന്റെ ഒരു യോഗം 2020 ആഗസ്റ്റ് 12, ബുധനാഴ്ച ചേരുന്നതായി ഇതിനാൽ അറിയിക്കുന്നു. മറ്റു കാര്യങ്ങൾക്കൊപ്പം കമ്പനിയുടെ 2020 ജൂൺ 30 നു അവസാനിച്ച പാദവാർഷികത്തിലെ ഓഡിറ്റ് ചെയ്യപ്പെടാത്ത ധനകാര്യഫലങ്ങൾ പരിഗണിക്കുന്നതിനും അംഗീകരിക്കുന്നതിനുമാണ് ഈ യോഗം ചേരുന്നത്. കൂടുതൽ വിവരങ്ങൾക്ക് കമ്പനിയുടെ വെബ്സൈറ്റ് സന്ദർശിക്കുക:
http://www.asterdmhealthcare.com/investors/
ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ലിമിറ്റഡിന് വേണ്ടി
ഒപ്പ്
പൂജ അഗർവാൽ
കമ്പനി സെക്രട്ടറി ആൻഡ് കംപ്ലയൻസ് ഓഫീസർ
സ്ഥലം: കൊച്ചി
തീയതി: ആഗസ്റ്റ് 04, 2020

രണ്ടു ദിനം അതിതീവ്രമഴ; ജാഗ്രതാ നിർദേശം

● സ്വന്തം ലേഖകൻ
കൊച്ചി

ബംഗാൾ ഉൾക്കടലിലെ ന്യൂനമർദത്തിന്റെ ഫലമായി കേരളത്തിൽ അതിശക്തമായ മഴയുണ്ടാകുമെന്നു കാലാവസ്ഥാ ഗവേഷണ കേന്ദ്രം. ഇന്നും നാളെയും അതിതീവ്ര മഴയും ഏഴ്, എട്ട് തീയതികളിൽ കനത്തമഴയും പ്രതീക്ഷിക്കാം. തുടർന്നങ്ങോട്ട് മഴ ദുർബലമായിരിക്കും.

തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റിന്റെ വേഗം മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർവരെയാകും. ഇത് മഴമേഘങ്ങളെ കരയിലേക്ക് അതിവേഗം വലിച്ചെത്തിക്കും. ഇന്നും നാളെയും സംസ്ഥാനത്തിന്റെ വടക്കൻ ജില്ലകളിലും കിഴക്കൻ മലയോര മേഖലകളിലും അതിതീവ്ര മഴയുണ്ടാകുമെന്നും ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്.

ഇടുക്കി, പത്തനംതിട്ട, മലപ്പുറം, പാലക്കാട്, വയനാട് മേഖലകളിലെ കിഴക്കൻ മലയോരങ്ങളിൽ മഴ ശക്തമായിരിക്കും. ഉരുൾപൊട്ടൽ ഉൾപ്പെടെയുള്ള അപകടങ്ങൾക്കു സാധ്യതയുണ്ട്. മണിക്കൂറിൽ പത്ത് സെന്റിമീറ്ററിനു മുകളിലേക്കുള്ള മഴയ്ക്കുള്ള സാധ്യതയാണ് ഈ മേഖലകളിൽ ഉള്ളതെന്ന് കൊച്ചി സർവകലാശാലയിലെ റഡാർ ഗവേഷണ കേന്ദ്രം സൂചന നൽകി. കട്ടിയുള്ള മേഘങ്ങളുടെ സാന്നിധ്യം ഈ ഭൂമേഖലകളിലെ ആകാശത്ത് രൂപപ്പെട്ടുകഴിഞ്ഞതായാണു റഡാർ ദൃശ്യങ്ങൾ വ്യക്തമാക്കുന്നത്. ഇത്തരം മേഘങ്ങളിൽനിന്നുള്ള അതിതീവ്രമഴയാണ് മേഘവിസ്ഫോടനമെന്ന പട്ടികയിൽ വരുന്നത്. എട്ടാം തീയതിക്കുശേഷവും മഴ തുടരുമെങ്കിലും ശക്തികുറയും. എട്ടിനുശേഷം ഓഗസ്റ്റിൽ അവശേഷിക്കുന്ന ദിവസങ്ങളിൽ സാധാരണ മഴയായിരിക്കുമെന്നാണു നിഗമനം. സെപ്റ്റംബറിൽ സാധാരണ പോലെ മൺസൂൺ തുടരുകയും ചെയ്യുമെന്ന് കാലാവസ്ഥാ ഗവേഷണ കേന്ദ്രം വ്യക്തമാക്കുന്നു.

● ഇന്നലെ അഞ്ചിടത്ത് 10 സെന്റി മീറ്ററിലധികം മഴ

കഴിഞ്ഞ വർഷം മഴയും വെള്ളപ്പൊക്കവുമുണ്ടായ സമാന സാഹചര്യമാണ് ഇപ്പോഴുമുള്ളതെന്നും ഗവേഷകർ മുന്നറിയിപ്പു നൽകി. ഇന്നലെ രാവിലെ എട്ടുമണിവരെയുള്ള കണക്ക് പ്രകാരം പീരുമേടിലാണ് ഏറ്റവും കൂടുതൽ മഴ രേഖപ്പെടുത്തിയത്, 14 സെന്റി മീറ്റർ. വയനാട് വൈത്തിരിയിൽ 13 സെന്റി മീറ്റർ, ഇടുക്കിയിൽ 12 സെന്റി മീറ്റർ, മൂന്നാറിൽ 11 സെന്റി മീറ്റർ, മൈലാടുംപാറ 10.5 സെന്റി മീറ്റർ എന്നിങ്ങനെയാണു മഴ പെയ്തത്.

കോവിഡിനെതിരേ പോലീസ് രാജ്: ആരോഗ്യമേഖലയിൽ എതിർപ്പ്

● സ്വന്തം ലേഖകൻ
തിരുവനന്തപുരം

സംസ്ഥാനത്തെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ചുമതല പോലീസിനു കൈമാറിയതിനെതിരേ ആരോഗ്യ മേഖലയിലെ സംഘടനകൾ രംഗത്ത്. രോഗികളുടെ സമ്പർക്കപ്പട്ടിക തയാറാക്കുന്നതടക്കമുള്ള ജോലികൾ പോലീസിനെ ഏൽപ്പിക്കുന്നത് ആരോഗ്യരംഗത്ത് ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കുമെന്ന് കേരള ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ (കെ.ജി.എം.ഒ.എ) പറഞ്ഞു.

ആരോഗ്യ കാര്യങ്ങളിൽ പരിശീലനം നേടിയവരാണ് ഇത്തരം കാര്യങ്ങൾ ചെയ്യേണ്ത്. ക്വാറന്റൈനിലുള്ളവരുടെ സ്ഥിതി പരിശോധിക്കാനും അതിന്റെ തുടർനടപടികൾ സ്വീകരിക്കാനും മാത്രമേ പോലീസിനെ ചുമതലപ്പെടുത്താവൂ. ആരോഗ്യപരമായ പ്രവർത്തനങ്ങൾ പൂർണമായും ആരോഗ്യ പ്രവർത്തകർക്കു വിട്ടുനൽകണമെന്നു ചൂണ്ടിക്കാട്ടി കെ.ജി.എം.ഒ.എ. മുഖ്യമന്ത്രിക്കു കത്തുനൽകി.

കോവിഡ് പ്രതിരോധം പൊലീസിനെ ഏൽപ്പിച്ചതിൽ പ്രതിഷേധവുമായി ജോയിന്റ് കൗൺസിലും രംഗത്തുവന്നു. സർക്കാർ തീരുമാനം പുനഃപരിശോധിക്കണമെന്നാണ് ആവശ്യം. ആരോഗ്യവകുപ്പ് ജീവനക്കാരെ സർക്കാർ വിശ്വാസത്തിലെടുക്കണമെന്നും ജോയിന്റ് കൗൺസിൽ ആവശ്യപ്പെട്ടു.

ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ ചെയ്യേണ്ട കാര്യങ്ങൾ പോലീസിനെ ഏൽപ്പിക്കുന്നതിനെതിരേ ഹെൽത്ത് ഇൻസ്പെക്ടർ യൂണിയനും ഇന്ത്യൻ മെഡിക്കൽ അസോസിയേഷനും (ഐ.എം.എ) രംഗത്തുവന്നിട്ടുണ്ട്. സമ്പർക്കപ്പട്ടിക തയാറാക്കലടക്കം ആരോഗ്യ വകുപ്പിന്റെ ജോലികൾ പോലീസിനെ ഏൽപ്പിച്ചത് ന്യായീകരിക്കാനാകില്ലെന്നും ആരോഗ്യ പ്രവർത്തകരുടെ ജോലി അവരെ തിരികെ ഏൽപ്പിക്കണമെന്നും ഈ സംഘടനകൾ ആവശ്യപ്പെട്ടു. സർക്കാർ തീരുമാനം പിൻവലിച്ചില്ലെങ്കിൽ സമരം നടത്താനാണ് ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുടെ സംഘടനയുടെ തീരുമാനം.

കോവിഡ് പ്രവർത്തനങ്ങളിൽ പോലീസിന് കൂടുതൽ ചുമതല നൽകാൻ മുഖ്യമന്ത്രി തീരുമാനിച്ചത് വിദഗ്ധ സമിതി അറിയാതെയാണെന്ന റിപ്പോർട്ടുകളുണ്ട്. അതിനിടെ, കണ്ണൂരിൽ പോലീസിനു വേണ്ടി കോവിഡ് വിവരങ്ങൾ ശേഖരിക്കാനും നിയമലംഘനം അറിയിക്കാനും അധ്യാപകരെയും നിയോഗിച്ചു. ധിതരുടെ എണ്ണം ഉയരുന്ന സാഹചര്യത്തിലാണു തീരുമാനം.

● വിവരം ശേഖരിക്കാൻ അധ്യാപകരും

യുദ്ധം ഏതെങ്കിലും വകുപ്പിനോടല്ല; കോവിഡിനെതിരേ: വിജയ് സാഖറെ

കൊച്ചി: കണ്ടെയ്ൻമെന്റ് സോണുകളിൽ ലോക്ഡൗൺ നടപടികൾ കർശനമാക്കുമെന്നും ആരോഗ്യവകുപ്പുമായി യോജിച്ചു പ്രവർത്തിക്കുമെന്നും കോവിഡ് സംസ്ഥാനതല നോഡൽ ഓഫീസറായ എറണാകുളം സിറ്റി പോലീസ് കമ്മിഷണർ ഐ.ജി: വിജയ് സാഖറെ.

യുദ്ധം കോവിഡിനെതിരേയാണ്. ഏതെങ്കിലും വകുപ്പിനോടല്ല. ആർക്കും എതിരല്